ആദിവാസി കോളനികളിൽ പട്ടിണിയും രോഗവുംമൂലമുള്ള അകാലമരണങ്ങൾ തടയുന്നതിന് നടപടി

18 [2998] *ശ്രീ. കെ. രാധാകൃഷ്ണൻ:*

„ *കെ. കെ. ജയചന്ദ്രൻ:*

„ *എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആദിവാസി കോളനികളിൽ പട്ടിണിയും രോഗവും പോഷകാഹാരക്കുറവും മൂലമുള്ള അകാലമരണങ്ങൾ തടയുന്നതിന് ട്രൈബൽ മിഷൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; ഇത്തരം മരണങ്ങൾ വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

ഭൂരഹിത ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യുകയും വിതരണം ചെയ്ത ഭൂമിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുകയുമാണ് ട്രൈബൽ മിഷന്റെ ദൗത്യം.

സ്വകാര്യവൽക്കരിക്കുവാൻ ഉദ്ദേശിച്ചിരിക്കുന്ന റസ്റ്റ് ഹൗസുകൾ

19 [2999] *ശ്രീ. വി. ഡി. സതീശൻ:*

„ *ടി. യു. രാധാകൃഷ്ണൻ:*

„ *സി. പി. മുഹമ്മദ്:*

„ *വർക്കല കഹാർ:*

„ *കെ. ബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളിൽ ലാഭത്തിൽ നടത്തപ്പെടുന്നവമാത്രമാണോ അതോ നഷ്ടത്തിൽ നടത്തപ്പെടുന്നവമാത്രമാണോ സ്വകാര്യവൽക്കരിക്കുവാൻ തീരുമാനിച്ചിരുന്നത്;

(ബി) സ്വകാര്യവൽക്കരിക്കുവാൻ തീരുമാനിക്കപ്പെട്ട റസ്റ്റ് ഹൗസുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ഇതുവരെ എത്ര റസ്റ്റ് ഹൗസുകൾ സ്വകാര്യവൽക്കരിക്കപ്പെട്ടു; അവ ഏതെല്ലാമാണ്; ഇവ ലാഭത്തിൽ നടക്കുന്നവയായിരുന്നോ; നഷ്ടത്തിൽ നടക്കുന്നവയായിരുന്നുവോ;

(ഡി) റസ്റ്റ് ഹൗസുകളുടെ സ്വകാര്യവൽക്കരണത്തിന് കൺസൾട്ടന്റിനെ നിയമിച്ചിരുന്നുവോ; എങ്കിൽ ആരെയാണ്;

(ഇ) കൺസൾട്ടൻസി ഫീസിനത്തിൽ ഇതുവരെ എന്തു തുക കൊടുത്തു എന്നറിയിക്കാമോ?

GPM. 2/608/2012—9

LIBRARY ARCHIVES Kerala Legislative Assembly